മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
പബ്ലിക് ഓഫീസ്, മൂന്നാംനില, റവന്യൂ കോംപ്ലക്സ്, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം -695033
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

---

നം. 68783/B1/21/REGS തിയതി : 25/04/2022

# സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - വിദഗ്ധ തൊഴിലാളികളെ തൊഴിലിന് നിയോഗിക്കുന്നത് - സംബന്ധിച്ച്.
Annual Master Circular 2022

സൂചന :

തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികളെ നിയോഗിക്കേണ്ടതായി വരുന്നുണ്ട് . ഇത്തരത്തിൽ വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികളെ നിയോഗിക്കുന്ന അവസരത്തിൽ യാതൊരു മാനദണ്ഡങ്ങളും പാലിക്കുന്നില്ലായെന്ന് പരാതികൾ ഉണ്ടാകുന്നുണ്ട്. ടി സാഹചര്യത്തിൽ വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികളായി ഗ്രാമപഞ്ചായത്തിൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്തു നിയോഗിക്കുമ്പോൾ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

**വിദഗ്ധ തൊഴിലാളി രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾ**

1. തൊഴിലുറപ്പ് പദ്ധതിയിൽ വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളിയായി ജോലി ചെയ്യാൻ സന്നദ്ധതതയുള്ള തൊഴിലാളിയെ അവർ സ്ഥിര താമസമുള്ള ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളിയായി സ്ഥിര താമസം തെളിയിക്കുന്ന രേഖയുടെയോ പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ ജനപ്രതിനിധിയുടെയോ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലോ രജിസ്റ്റർ ചെയ്യേണ്ടതും സെക്രട്ടറി ഒരു ID card നൽകേണ്ടതുമാണ് (ഇതിന്റെ മാതൃക അനുബന്ധം 1 ആയി നൽകുന്നു). ഇത്തരത്തിൽ ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വിദഗ്ധ തൊഴിലാളിക്ക് ജില്ലയിലെ ഏത് ഗ്രാമപഞ്ചായത്തിലും വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളിയായി തൊഴിൽ ചെയ്യാൻ സാധിക്കുന്നതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്നവർ ചുവടെ പറയുന്ന യോഗ്യത ഉള്ളവർ ആയിരിക്കണം :
a) വൈദഗ്ധ്യം അവകാശപ്പെടുന്ന മേഖലയിൽ എതെങ്കിലും കോഴ്സ് പൂർത്തീകരിച്ച

സർട്ടിഫിക്കറ്റ്ഉള്ളവർ

b) അല്ലെങ്കിൽ, ബന്ധപ്പെട്ട മേഖലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനം നൽകുന്ന പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഉള്ളവർ

c) അല്ലെങ്കിൽ, ബന്ധപ്പെട്ട മേഖലയിൽ പരിശീലനം ലഭിച്ചത് സംബന്ധിച്ച സർട്ടിഫിക്കറ്റ് ഉള്ളവർ.(തൊഴിൽ പരിശീലന സ്ഥാപനങ്ങളായ RSETI ,ASAAP,തുടങ്ങിയ )

d) അല്ലെങ്കിൽ, ബന്ധപ്പെട്ട മേഖലയിലെ ക്ഷേമനിധി ബോർഡിൽ ( ഉ.ദാ . കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ്) അംഗമായിട്ടുള്ളവർ

2. മേൽ വിഭാഗത്തിൽ പെട്ടവരെ അവരുടെ സർട്ടിഫിക്കറ്റുകൾ ഗ്രാമ പഞ്ചായത്തിലെ അക്രഡിറ്റഡ് എൻജിനിയർ /ഓവർസിയർ പരിശോധിച്ച് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളിയായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി രജിസ്റ്റർ ചെയ്യേണ്ടതാണ് .
3. ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത പക്ഷം ബന്ധപ്പെട്ട മേഖലയിൽ മതിയായ വൈദഗ്ധ്യം ഉള്ള വ്യക്തികളാണെന്ന പരിശോധിച്ച് ഉറപ്പുവരുത്തി അവരുടെ വൈദഗ്ധ്യത്തിന്റെ തോതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ അക്രഡിറ്റഡ് എൻജിനിയർ/ഓവർസിയർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളിയായി രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ.
4. ഇങ്ങനെ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ആവശ്യമായ വിവരങ്ങളോടെ അക്രഡിറ്റഡ് എഞ്ചിനീയർ ലിസ്റ്റ് സെക്രട്ടറിയ്ക്ക് നല്കുന്ന മുറക്ക് മസ്റ്റർ റോളിനു BPO ക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷ നൽകേണ്ടതാണ്.
5. മസ്റ്റർ റോളിനുള്ള അപേക്ഷപ്രകാരം BPO മസ്റ്റർ എടുത്ത് അപേക്ഷയിലുള്ള ആവശ്യമായ എല്ലാ വിവരങ്ങളും എഴുതിച്ചേർത്ത് നൽകേണ്ടതാണ്. ഒരു കാരണവശാലും പൂരിപ്പിക്കാത്തതോ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെടാത്തതോ ആയ മസ്റ്റർ റോളുകൾ നൽകാതിരിക്കാൻ BPO നടപടി സ്വീകരിക്കേണ്ടതാണ് .
6. നൽകിയ മസ്റ്റർ റോൾ പ്രകാരമുള്ള തൊഴിലാളികൾതന്നെ ജോലി ചെയ്യുന്നുവെന്നു ഉറപ്പാക്കാൻ BPO യും സെക്രട്ടറിയും മറ്റ് ചുമതലയുള്ള ഉദ്യോഗസ്ഥരും പരിശോധനകൾ നടത്തേണ്ടതും റിപ്പോർട്ട് DPC/JPC ക്ക് നൽകേണ്ടതുമാണ്.
7. വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം വലിയ തോതിൽ അനുഭവപ്പെടുന്നതിനാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും തൊഴിലുറപ്പ് തൊഴിലാളികളിൽ നിന്നും അനുയോജ്യരായവരെ തെരഞ്ഞെടുത്ത് 'മികവ്' പരിശീലനം സംഘടിപ്പിക്കേണ്ടതും ആവശ്യാനുസരണം വിദഗ്ധ/ അർദ്ധ വിദഗ്ധ

തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിക്കേണ്ടതുമാണ്

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും ബ്ലോക്ക് പ്രോഗ്രാം ഓഫിസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

**MISSION DIRECTOR**

പകർപ്പ് :-

1. എല്ലാ ജില്ലാ കളക്ടർമാർക്കും(DPC) ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും
2. എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും]
3. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും

അനുബന്ധം

വിദഗ്ധ തൊഴിലാളികൾക്കുള്ള തിരിച്ചറിയൽ കാർഡ്

പേര് : ഫോട്ടോ

മേൽവിലാസം :
സ്ഥിര താമസം ഉള്ള തദ്ദേശ സ്ഥാപനത്തിന്റെ പേർ :
ജില്ല :
ആധാർ/ വോട്ടർ ഐ ഡി/ തൊഴിൽ കാർഡ് നമ്പർ :
ഏത് തരം വിദഗ്ധ തൊഴിലാളി ആണ് എന്നതിൻറെ വിവരം :

ഓഫീസ് സീൽ സെക്രട്ടറി

........................ഗ്രാമ

പഞ്ചായത്ത്